**സഹകരണസംഘങ്ങൾക്കെതിരെ ലഭിച്ച പരാതിയിന്മേലുള്ള നടപടി**

25(2277) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് എത്ര സഹകരണ സംഘങ്ങൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര സംഘങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് 1054 സഹകരണ സംഘങ്ങൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്.

(ബി) 117 സഹകരണ സംഘങ്ങളിൽ അന്വേഷണം പൂർത്തിയാക്കി സഹകരണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 185 സഹകരണ സംഘങ്ങളിൽ സഹകരണ നിയമം 65, 66, 68 വകുപ്പുകൾ പ്രകാരം അന്വേഷണം നടന്നുവരികയും നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. മേൽ അന്വേഷണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയ കേസുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുന്നതിന് ശിപാർശ ചെയ്യുകയും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കേസുകൾ രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തി വരികയും ചെയ്യുന്നു. 112 സംഘങ്ങളിൽ സഹകരണ വിജിലൻസ് മുഖേന അന്വേഷണം തുടർന്നു വരുന്നു. 640 സഹകരണ സംഘങ്ങളിൽ വകുപ്പുതല അന്വേഷണം നടന്നു വരുന്നു.

**സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ**

26 (2278) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പുന്നപ്രയിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രി, സഹകരണ എഞ്ചിനീയറിംഗ് കോളേജ്, എം.ബി.എ. കോഴ്സ് ആരംഭിച്ച കോളേജുകൾ എന്നിവിടങ്ങളിൽ അദ്ധ്യാപക-അദ്ധ്യാപകേതര, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ നിയമനം നടത്തുന്നത് ഏതു വിധത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) അദ്ധ്യാപകരായി എത്ര പേരെ നിയമിച്ചു ; ഉന്നത ഉദ്യോഗസ്ഥ തസ്തികകളിൽ എത്രപേരെ നിയമിച്ചു ; ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ എത്രപേരെ നിയമിച്ചു ; അവർ ആരൊക്കെയാണെന്ന് പേരു സഹിതം വിശദീകരിക്കുമോ ;

(സി) പെൻഷൻ പറ്റിയ എത്രപേരെ വിവിധ തസ്തികകളിൽ നിയമിച്ചു എന്ന് വ്യക്തമാക്കുമോ ; ഇവരുടെ പേരുവിവരവും വേർതിരിച്ചു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly